# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 142

14.12.2012-ൽ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജുപോൾ<br>ശ്രീ.ജി.സുധാകരൻ<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>പ്രൊഫ.സി.രവീന്ദ്രനാഥ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) ഈ സാമ്പത്തിക വർഷത്തിലെ പിന്നിട്ട മാസങ്ങളിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതിചെലവ് വിലിയിരുത്തിയിട്ടുണ്ടോ ; | എ) ഉണ്ട്. ജില്ലാതലത്തിലും സംസ്ഥാന തലത്തിലും വിലയിരുത്തിയിട്ടുണ്ട്. |
| ബി) ഈ വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം ആരംഭിച്ചത് എന്ന് മുതൽക്കാണ് ; ഇതിനകം എത്ര ശതമാനം തുക ചെലവഴിക്കുകയുണ്ടായി ; വിശദമാക്കുമോ ; | ബി) ഈ വർഷത്തെ പദ്ധതി പ്രവർത്തനം 01.04.2012 മുതലാണ് ആരംഭിച്ചിട്ടുള്ളത്. 30.10.2012 വരെയുള്ള കണക്കുകളനുസരിച്ച് 7% ചെലവഴിച്ചിട്ടുണ്ട്. |
| സി) സാമ്പത്തികവർഷാവസാനം പദ്ധതിപ്പണം തിടുക്കത്തിൽ ചെലവഴിക്കേണ്ടി വരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ; | സി) പൊതുവെ പദ്ധതി നിർവ്വഹണത്തിനാവശ്യമായ ആസൂത്രണമുൾപ്പെടെയുള്ള മുന്നൊരുക്കങ്ങൾ പൂർത്തിയാകുന്നത് സാമ്പത്തിക വർഷത്തെ അവസാന പാദത്തിലാണെന്നാണ് കണ്ടു വരുന്നത്. നിർമ്മാണ പ്രവർത്തികൾക്ക് ബന്ധപ്പെട്ട നിയമങ്ങളനുസരിച്ചുവേണ്ട സമയമെടുക്കുന്ന പ്രക്രിയകൾ പൂർത്തിയാക്കി സാമ്പത്തിക വർഷാവസാനത്തിനുള്ളിൽ |

നിർവ്വഹണം നടത്തേണ്ടി വരുമ്പോഴാണ് തിടുക്കത്തിൽ ചെലവഴിക്കേണ്ടി വരുക. എന്നാൽ പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ 12-ാം പഞ്ചവൽസര പദ്ധതിയിൽ ലഘൂകരിച്ചിട്ടുള്ളതിനാൽ വരുംവർഷങ്ങളിൽ ഇങ്ങനെ തിടുക്കത്തിൽ ചെലവിടുന്ന സാഹചര്യം ഉണ്ടാകില്ലെന്ന് പ്രതീക്ഷിക്കുന്നു.

| | |
|---|---|
| ഡി) പദ്ധതി നിർവ്വഹണം തകരാറിലായതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ? | ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെങ്കിലും തകരാറുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ